**പതിമൂന്നാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1111** **3.12.2015 ലെ മറുപടിയ്ക്ക്**

## കെ-ടെറ്റ് പരീക്ഷ

| | ചോദ്യം<br><br>ശ്രീ.സാജു പോൾ | | ഉത്തരം<br><br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ-ടെറ്റ് പരീക്ഷയുടെ വിജയശതമാനം വളരെ കുറഞ്ഞു നിൽക്കുന്നത് വില-യിരുത്തിയിട്ടുണ്ടോ; | (എ) | എൽ.പി./യു.പി/എച്ച്.എസ് അദ്ധ്യാപകരുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള പരീക്ഷയാണ് കെ.ടെറ്റ്. ആയതിനാൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടാണ് വിജയശതമാനത്തിൽ നേരിയ കുറവ് ഉണ്ടാകുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | അദ്ധ്യാപക ട്രെയിനിംഗ് കോഴ്സ് പൂർത്തി-യാക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷയും വിജയിക്കണം എന്ന് ഉത്തരവിറക്കാനിടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | 2009 ലെ കേന്ദ്രവിദ്യാഭ്യാസഅവകാശനിയമത്തിലെ സെക്ഷൻ 23 (1) ലെ വ്യവസ്ഥകൾക്കനുസൃതമായി കേന്ദ്ര അക്കാദമിക കൗൺസിൽ ആയ എൻ.സി.റ്റി.ഇ (നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ) പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരമാണ് കെ-ടെറ്റ് പരീക്ഷ നിർബന്ധമാക്കിയത്. |
| (സി) | അദ്ധ്യാപകനിയമനത്തിന് പ്രസ്തുതപരീക്ഷാ വിജയം നിർബന്ധമാക്കിയിട്ടുണ്ടോ; അൺ എയ്ഡഡ് സ്കൂളുകൾക്കും ഇത് ബാധക-മാണോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ